## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2747 — 19/12/2012-ൽ മറുപടിക്ക്

### ആദിവാസി കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | നെല്ലിയാമ്പതി പഞ്ചായത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ട് ; | എ | 137 കുടുംബങ്ങൾ. (കിർത്താഡ്സ് നടത്തിയ തെളിവെടുപ്പിന്റെയും, നരവംശ ശാസ്ത്രപരമായ അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ) |
| ബി | ഇതിൽ എത്ര കുടുംബങ്ങൾക്കാണ് സ്വന്തമായി സ്ഥലവും വീടും ഉള്ളത് ; | ബി | ഇതിൽ ആർക്കും സ്വന്തമായി സ്ഥലവും വീടുമില്ല. |
| സി | ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്ന നടപടി ഏത് ഘട്ടംവരെയായി ; | സി | നെല്ലിയാമ്പതി പഞ്ചായത്തിലെ 26 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പാലക്കാട് ജില്ലാ ടി.ആർ.ഡി.എം. മുഖേന ഭൂമി പതിച്ചു നൽകുന്ന നടപടി അവസാനഘട്ടത്തിലാണ്. |
| ഡി | മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും സ്ഥലവും വീടും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്ന് പൂർത്തിയാക്കുവാൻ സാധിക്കും ; വിശദമാക്കുമോ ? | ഡി | നെല്ലിയാമ്പതി പഞ്ചായത്തിലെ 26 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഒഴികെയുള്ള മറ്റെല്ലാ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി പതിച്ചു നൽകുന്നതിനായി നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ 149.17 ഹെക്ടർ ഭൂമി പുനരധിവാസത്തിന് കിട്ടുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ 1 & 2 സ്റ്റേജ് ക്ലിയറൻസ് ലഭ്യമായിട്ടുള്ളതാണ്. പാരിസ്ഥിതിക ആഘാത പഠനം നടത്താത്ത സാഹചര്യത്തിൽ കൃഷി വകുപ്പിൽ നിന്നും ലാന്റ് ട്രാൻസ്ഫർ മുഖേന റവന്യൂ വകുപ്പിന് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ തീരുമാനം ആകുന്ന മുറയ്ക്ക് നെല്ലിയാമ്പതി പഞ്ചായത്തിലെ ഭൂരിഭാഗം ഭൂരഹിത പട്ടികവർഗ്ഗക്കാർക്കും ഭൂമി ലഭ്യമാക്കാൻ കഴിയുന്നതാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭവന നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കാൻ സാധിക്കും. |

R.V (ഒപ്പ്)

സെക്ഷൻ ഓഫീസർ